**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 818** **17-09-2025 - ൽ മറുപടിയ്ക്ക്**

**വടക്കാഞ്ചേരിയിൽ സഹകരണ മേഖലയിൽ നഴ്സിംഗ് കോളേജ് ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി** | | **ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി)** | |
| (എ) | വടക്കാഞ്ചേരിയിൽ, സഹകരണ മേഖലയിൽ നഴ്സിംഗ് കോളേജ് ആരംഭിക്കുന്നതിനായി കേപ്പിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കാൻ സഹകരണ വകുപ്പ് കോ-ഓപ്പറേറ്റീവ് പ്രൊഫഷണൽ എഡ്യൂക്കേഷൻ ഫണ്ടിൽ നിന്നും എട്ട് കോടി രൂപ അനുവദിച്ച് കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡിനെ കൺസൾട്ടൻസിയാക്കി വർക്ക് ഓർഡർ നൽകിയിരുന്ന പദ്ധതിയുടെ നിലവിലെ പുരോഗതി സംബന്ധിച്ച വിവരം ലഭ്യമാക്കുമോ; | (എ) | കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിന്റെ തൃശ്ശൂർ ഡിവിഷൻ നിർദ്ദിഷ്ട വടക്കാഞ്ചേരി നഴ്സിംഗ് കോളേജിന്റെ സ്ഥലം പരിശോധിച്ച് 2021 DSoR പ്രകാരം പുനർനിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള 15,45,74,620/- രൂപയുടെ എസ്റ്റിമേറ്റ് സിവിൽ (12,38,00,000/-), ഇലക്ട്രിക്കൽ (3,07,74,620/-) തയ്യാറാക്കി കൊച്ചി മേഖല എഞ്ചിനീയർക്ക് സമർപ്പിച്ചിട്ടുണ്ട്. അന്തിമമായ എസ്റ്റിമേറ്റ് കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിൽ നിന്നും ലഭിച്ചിട്ടില്ല. |
| (ബി) | നഴ്സിംഗ് കോളേജ് ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് ജില്ലാ ആശുപത്രിയെ പാരന്റ് ഹോസ്പിറ്റലായി നിശ്ചയിക്കുന്നതുൾപ്പെടെ സ്വീകരിച്ച മറ്റ് നടപടികൾ എന്തെല്ലാമെന്ന് അറിയിക്കാമോ; | (ബി) | 15.10.2024 ലെ സർക്കാർ ഉത്തരവ് പ്രകാരം വടക്കാഞ്ചേരി ജനറൽ ആശുപത്രിയെ വടക്കാഞ്ചേരി നഴ്സിംഗ് കോളേജിന്റെ മാതൃ ആശുപത്രിയായി അനുവദിച്ച് ഉത്തരവായിട്ടുണ്ട്. |
| (സി) | കൺസൾട്ടൻസിയുമായി പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് കാലതാമസം കൂടാതെ കെട്ടിടനിർമ്മാണം ആരംഭിക്കാനുള്ള നടപടി സ്വീകരിക്കുമോ? | (സി) | കേരള കോ-ഓപ്പറേറ്റീവ് എഡ്യൂക്കേഷനൻ ഫണ്ടിൽ നിന്നും 8 കോടി രൂപ വടക്കാഞ്ചേരി നഴ്സിംഗ് കോളേജിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി അനുവദിച്ചിട്ടുണ്ട്. കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിന്റെ തൃശ്ശൂർ ഡിവിഷൻ തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരം 15.45 കോടി രൂപ ആവശ്യമാണ്. അന്തിമമായ എസ്റ്റിമേറ്റ് കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിൽ നിന്നും ലഭിച്ച ശേഷം നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ